പുനർനിർമ്മാണം നടത്തണം. ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് പി.ഡബ്ല്യു.ഡി. ബിറ്റുമിൻ നൽകണം. അതുപോലെ പി.ഡബ്ല്യു.ഡി.-ക്ക് റേറ്റുകളും നൽകണം. ഗ്രാമീണ റോഡുകൾ ടെണ്ടർ എക്സസ് നൽകാത്തതുമൂലം കരാറുകാർ പണി ഏറ്റെടുത്ത് നടത്തുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മഴക്കെടുതിമൂലം നാശം സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ഫണ്ട് അനുവദിക്കുകയും പൊതുമരാമത്ത് വകുപ്പുമന്ത്രി റോഡുകളുടെ നിർമ്മാണത്തിന് സാങ്കേതിക അനുമതി നൽകുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട എ. റ്റി. ജോർജ് ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മാത്രമല്ല കേരളത്തിലെ പല ഭാഗത്തും ഇതുപോലെ റോഡുകളിൽ കുഴിയുണ്ടായിട്ടുണ്ട്. അതിന് പ്രധാനകാരണമായി പയുന്നത് ഇത്തവണ കിട്ടിയ മഴ സാധാരണകിട്ടുന്ന മഴയേക്കാൾ ഏകദേശം 30 ശതമാനംവരെ കൂടുതലാണെന്നാണ്. റിപ്പയറിംഗിന് ഫണ്ട് അനുവദിക്കുകയും എന്നാൽ റിപ്പയറിംഗ് ചെയ്യാൻ സാധിക്കാത്ത വിധത്തിലുള്ള മഴയാണ് ഉണ്ടായത്. ഏതായാലും 40 എം.എം. ചിപ്പിംഗ് കാർപ്പറ്റും, ബി.എം.ആന്റ് ബി.സി.യുമാണ് ഇപ്പോൾ ചെയ്യുന്ന മിക്കവാറുമുള്ള റോഡുകൾ. അദ്ദേഹം സൂചിപ്പിച്ചതുപോലെ, അത് നല്ല ഈട് ലഭിക്കുന്ന റോഡുകളായി മാറുന്നതായിരിക്കും.

പാറശ്ശാല മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഉൾപ്പെടെയുള്ള റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് 2014-ൽ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ചാണ്. ഒരു കോടി രൂപവരെയുള്ള പ്രവൃത്തികൾക്ക് സർക്കാർ നേരിട്ട് ബിറ്റുമിൻ നൽകാൻ തീരുമാനിക്കുകയും കൊടുത്തുതുടങ്ങുകയും ചെയ്തിട്ടുമുണ്ട്. പാറശ്ശാല മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തുതീർക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്. അധികഭാരം കയറ്റിവരുന്ന ലോറികൾ റോഡുകൾ തകരുന്നതിന് കാരണമാകുന്നുവെന്ന് ബഹുമാനപ്പെട്ട എ. റ്റി. ജോർജ് എം.എൽ.എ.യുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. ഇതിനൊരു പരിഹാരം കണ്ടെത്താൻ ആലോചിക്കുന്നുണ്ട്.

## (19) സേവന-വേതന പരിഷ്കരണം

ശ്രീ. കെ. മുരളീധരൻ: സർ, സർക്കാർ ആശുപത്രികൾ, സ്കൂൾ ഹെൽത്ത് പ്രോഗ്രാം, ഗ്രാമീണ മേഖലകളിലെ സേവനം തുടങ്ങി വർദ്ധിച്ചുവരുന്ന ആരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സുരക്ഷാസംവിധാനങ്ങളുടെ ശരിയായ നടത്തിപ്പിനും പുരോഗതിക്കുമായി ധാരാളം നഴ്സുമാരെ പി.എസ്.സി. വഴിയും മറ്റ് മാർഗ്ഗങ്ങളിലൂടെയും നിയമിച്ചു കൊണ്ടിരിക്കുകയാണ്. ഇങ്ങനെ നിയമിക്കപ്പെടുന്ന വിഭാഗങ്ങളിൽപ്പെടുന്നവരാണ് നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ കീഴിൽ ജോലി ചെയ്യുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ. സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളിൽപ്പെടുന്നവരാണ് ഇവരിലധികംപേരും. തൊഴിൽസാദ്ധ്യതയുണ്ടെന്ന് പ്രതീക്ഷിച്ച് ബാങ്ക് വായ്പയും മറ്റുമെടുത്ത് പഠനം പൂർത്തിയാക്കുന്ന യോഗ്യരായിട്ടുള്ളവരെ സ്വകാര്യ ആശുപത്രിയിൽപോലും നിയമിക്കുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇക്കൂട്ടർക്ക് ആകെ ആശ്രയം എൻ.ആർ.എച്ച്.എം. മുഖേന ലഭിക്കുന്ന കരാർ വ്യവസ്ഥ പ്രകാരമുള്ള അവസരമാണ്. എന്നാൽ ഇവർക്ക് പ്രതിഫലമായി വളരെ തുച്ഛമായ തുകയാണ് ലഭിക്കുന്നത്. കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് കൺസോളിഡേറ്റഡ് പേ വാങ്ങുന്ന ഇവർക്ക് വാർഷിക വേതന വർദ്ധനവോ ഞായറാഴ്ച ഒഴികെയുള്ള അവധി ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. ഓരോ വർഷവും അപ്രൈസൽ അനുസരിച്ച് മാത്രമേ കരാർ പുതുക്കി ലഭിക്കുകയുള്ളൂ എന്നതിനാൽ ജോലി സ്ഥിരതയുമില്ല. തുച്ഛമായ വരുമാനത്തിൽനിന്നുതന്നെ തൊഴിലിടങ്ങളിലേയ്ക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങേണ്ടതായും വരുന്നു. ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായാൽപ്പോലും അവധിയെടുത്താൽ ഇവരുടെ ശമ്പളത്തിൽ കുറവ് വരുത്തുകയും ചെയ്യുന്നു. ദീർഘകാലമായി സേവനം അനുഷ്ഠിക്കുന്ന എൻ.ആർ.എച്ച്.എം. നഴ്സുമാർക്ക് പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. 5000 ജനങ്ങൾക്ക് ഒരു ജെ.പി.എച്ച്.എൻ. എന്ന 1960-ലെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും അനുവർത്തിക്കുന്നത്. കൂടുതൽ തസ്തികകൾ ഈ വിഭാഗത്തിൽ അനുവദിക്കേണ്ടതും ഇക്കൂട്ടർക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തേണ്ടതും ആരോഗ്യമേഖലയുടെ കെട്ടുറപ്പിന് അത്യാവശ്യമാണ്. സംസ്ഥാനത്തെ ആശുപത്രികളിൽ പലയിടത്തും സ്ഥിരം നഴ്സുമാർ ഇല്ലാത്ത സന്ദർഭത്തിൽ 8 മുതൽ 14 മണിക്കൂർവരെ അധികജോലിയും ജെ.പി.എച്ച്. നഴ്സുമാർക്ക് ചെയ്യേണ്ടിവരുന്നു. അത്യദ്ധ്വാനം ചെയ്യുന്ന ഇവർക്ക് തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. ഇവർക്ക് നൽകുന്ന വേതനത്തിലും സേവന വ്യവസ്ഥകളിലും കാലോചിതമായ പരിഷ്കാരങ്ങൾ താമസംവിനാ ചെയ്യേണ്ടതാണ്. ഈ സാഹചര്യത്തിൽ എൻ.ആർ.എച്ച്.എം.നു കീഴിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനും സേവന വ്യവസ്ഥകളിൽ മാറ്റം

വരുത്തുന്നതിനും ഇതര നഴ്സുമാർക്കും ആശുപത്രി ജീവനക്കാർക്കും ലഭിക്കുന്ന അത്യാവശ്യം ആനുകൂല്യങ്ങൾ ഇവർക്കും അനുവദിക്കുന്നതിനും തൊഴിൽസമയം നിജപ്പെടുത്തുന്നതിനും സർക്കാർ മാതൃകാപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ 520 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരും 1271 സ്റ്റാഫ് ഹെൽത്ത് നഴ്സുമാരും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്നു. ഒരു വർഷമാണ് ഇവരുടെ കരാർ കാലാവധി. സാമ്പത്തിക വർഷം ഏപ്രിൽ രണ്ട് മുതൽ മാർച്ച് മുപ്പത്തി ഒന്നുവരെയാണ്. കരാർ കാലാവധി പൂർത്തിയാകുമ്പോൾ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് ഇവരുടെ പ്രവർത്തനമികവ് വിലയിരുത്തി പുനർനിയമനം നടത്തും. സ്റ്റാഫ് കുട്ടികളുടെ ആരോഗ്യ പരിശോധന, ആരോഗ്യ വിദ്യാഭ്യാസം നൽകൽ, സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തുക, അംഗനവാടികൾ സന്ദർശിച്ച് കുട്ടികളുടെ ആരോഗ്യ വിവരങ്ങൾ രേഖപ്പെടുത്തുക, കുട്ടികളുടെ വ്യക്തിത്വ വികസനത്തിനാവശ്യമായ ഉപദേശങ്ങൾ നൽകുക തുടങ്ങിയവയാണ് സ്റ്റാഫ് ഹെൽത്ത് ജെ.പി.എച്ച്.എൻ.മാരുടെ പ്രധനാപ്പെട്ട ജോലികൾ. ഗർഭിണികളുടെ ഗർഭകാല പരിചരണം, നവജാത ശിശുക്കളുടെ പ്രതിരോധ കുത്തിവയ്പ്പുകൾ, പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ, ജീവിതശൈലി-ബോധന നിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ മറ്റ് ജോലികൾ. ഇവരുടെ പ്രതിമാസ വേതനം 2014-15 സാമ്പത്തിക വർഷത്തിൽ 11,620 രൂപയായിരുന്നത് ഈ വർഷത്തിൽ 10 ശതമാനം വർദ്ധിപ്പിച്ച് 12,800 രൂപയാക്കി. കേന്ദ്ര ഗവൺമെന്റാണ് ഇക്കാര്യങ്ങൾ ചെയ്യേണ്ടത്. സംസ്ഥാന സർക്കാർ റിക്വസ്റ്റ് കൊടുക്കുകയും ഞാൻ തന്നെ ഡൽഹിയിൽ പോയി കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ കണ്ടശേഷമാണ് ആ വർദ്ധനവ് നടപ്പിലാക്കിയത്. ഇവർക്ക് നിലവിൽ പി.എഫ്. ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. പ്രതിവർഷം ഇവർക്ക് 20 ദിവസത്തെ കാഷ്വൽ അവധിയും ഒരു വർഷംപൂർത്തിയാക്കിയ വനിതാജീവനക്കാർക്ക് 3 മാസത്തെ വേതനത്തോടുകൂടിയ പ്രസവാവധിയും നൽകുന്നുണ്ട്. ഇവരുടെ വേതന വ്യവസ്ഥകൾ തീരുമാനിക്കുന്നത് കേന്ദ്ര സർക്കാരാണ്. ദേശീയ ആരോഗ്യ ദൗത്യം, ഒരു സമയ ബന്ധിത ആരോഗ്യ ദൗത്യമായതിനാൽ ഇവർക്ക് സ്ഥിരനിയമനമില്ല.

GPM. 2/244/2020-56

LIBRARY ARCHIVES Kerala Legislative Assembly